LIBRARY ARCHIVES Kerala Legislative Assembly

അംഗൻവാടി ജീവനക്കാരെ സൂപ്പർവൈസർമാരായി നിയമിക്കുന്നതിന് നടപടി

208 [3180] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത യോഗ്യതയുള്ള അംഗൻവാടി ജീവനക്കാരെ സൂപ്പർവൈസർമാരായി നിയമിക്കുന്നതിന് പി. എസ്. സി. നടപടികൾ എവിടംവരെയായെന്ന് വ്യക്തമാക്കാമോ;

(ബി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) നിയമന നടപടി ത്വരിതപ്പെടുത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) — (സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ഓഫീസുകളിൽ സമർപ്പിക്കുന്ന കോർട്ട് ഫീ സ്റ്റാമ്പിന്റെ വില

209 [3181] *ശ്രീ. സി. റ്റി. അഹമ്മദ് അലി:*
,, *പി. കെ. അബ്ദുറബ്ബ്:*
,, *സി. മമ്മൂട്ടി:*
,, *നാലകത്ത് സൂപ്പി:*
,, *സി. മോയിൻകുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾ സർക്കാർ ആഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ ഒരു രൂപ കോർട്ട് ഫീസ് സ്റ്റാമ്പിനു പകരം അഞ്ച് രൂപ സ്റ്റാമ്പ് പതിക്കണമെന്ന് നിഷ്കർഷിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സാധാരണക്കാരായ ജനങ്ങൾക്ക് അധിക സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ അപേക്ഷയിൽ പതിച്ചിരിക്കേണ്ട സ്റ്റാമ്പിന്റെ വില പഴയതുപോലെ ഒരു രൂപയാക്കി നിജപ്പെടുത്താൻ നടപടിയെടുക്കുമോ;

(സി) എങ്കിൽ എന്നത്തേക്ക് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1959-ലെ കോർട്ട് ഫീസും വ്യവഹാരസ്വയും ആക്റ്റ് (1960-ലെ 10-ാം ആക്റ്റിലെ) II-ാം പട്ടികയിൽ അനുച്ഛേദം 10 (ഐ) പ്രകാരം സർക്കാരിന്

സമർപ്പിക്കുന്ന അപേക്ഷയിലോ ഹർജിയിലോ നിയമമോ നിയമത്തിന്റെ പിൻബല മുള്ള ചട്ടമോ പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിക്കുകയോ വിനിയോഗിക്കാതിരിക്കുകയോ ചെയ്യേണ്ട സംഗതികൾക്ക് 5 രൂപയും ഇതര സംഗതികൾക്ക് ഒരു രൂപയും എന്ന പ്രകാരമാണ് കോർട്ട് ഫീ പതിക്കേണ്ടത്. സർക്കാരാഫീസിൽ സമർപ്പിക്കുന്ന എല്ലാ ഹർജികൾക്കും 5 രൂപ സ്റ്റാമ്പ് പതിക്കണം എന്ന് നിഷ്കർഷിച്ചിട്ടില്ല.

(ബി) ഇത് സാധാരണക്കാരായ ജനങ്ങൾക്ക് അധിക സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കുന്നതായി പരാതി ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

വിദ്യാഭ്യാസ വായ്പയുടെ പലിശ

210 [3182] *ശ്രീ. തോമസ് ചാഴികാടൻ:*

,, *റോഷി അഗസ്റ്റിൻ:*

,, *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാനമായും ഏതെല്ലാം ബാങ്കുകളാണ് വിദ്യാഭ്യാസ വായ്പ നൽകിവരുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഈ വായ്പയ്ക്ക് വിവിധ ബാങ്കുകൾ ഈടാക്കിവരുന്ന പലിശനിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും വിദ്യാഭ്യാസ വായ്പ നൽകിവരുന്നു. 2005 മാർച്ച് മാസത്തെ കണക്കനുസരിച്ച് വിവിധ ബാങ്കുകളിലെ വിദ്യാഭ്യാസ വായ്പയുടെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

(ബി) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം 4 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പകൾക്ക് അതാത് ബാങ്കുകളുടെ പി. എൽ. ആർ. നിരക്കും 4 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് പി. എൽ. ആർ.+1% നിരക്കും ഈടാക്കിവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly